2024
MARCH
26
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഗാസയിൽ വെടിനിർത്തൽ ആവശ്യപ്പെട്ട് യുഎൻ രക്ഷാസമിതി; യുഎസ് ഒഴികെ 14 രാജ്യങ്ങളുടെ പിന്തുണ

**ജനീവ:** ഇസ്രയേൽ പലസ്തീൻ യുദ്ധം ആരംഭിച്ചതിനുശേഷം ആദ്യമായി ഗാസയിൽ വെടിനിർത്തൽ ആവശ്യപ്പെട്ട് യുഎൻ രക്ഷാസമിതി. റമദാനിൽ അടിയന്തരമായി വെടിനിർത്തൽ ആവശ്യപ്പെട്ടാണു പ്രമേയം അവതരിപ്പിക്കപ്പെട്ടത്. യുഎസ് ഒഴികെയുള്ള 14 രാജ്യങ്ങൾ പ്രമേയത്തെ അനുകൂലിച്ചു. ഇസ്രയേലിന്റെ സഖ്യ കക്ഷിയായ യുഎസ് വിട്ടുനിന്നു.

പതിവിൽനിന്നു വിപരീതമായി വൻ കരഘോഷത്തോടെയാണു പ്രമേയം സ്വീകരിക്കപ്പെട്ടത്. ബന്ദികളെ വിട്ടയക്കുന്നതിനു ഹമാസ് ഭീകരർ മുൻകൈ എടുക്കണമെന്നു പ്രമേയത്തിൽ പറയുന്നുണ്ട്. 'സ്ഥിരമായി' എന്ന വാക്ക് നീക്കം ചെയ്യണമെന്ന് അവസാന നിമിഷം റഷ്യ ആവശ്യപ്പെട്ടെങ്കിലും അതു സ്വീകരിക്കപ്പെട്ടില്ല. അറബ് കൗൺസിലിലെ ഇപ്പോഴത്തെ അംഗമായ അൽജീരിയയാണ് ഈ പ്രമേയം തയാറാക്കിയത്.

### ഖലിസ്ഥാൻ ഭീകരന്റെ മോചനത്തിന് കേജ്‍രിവാളുമായി ധാരണ

# എഎപിക്ക് 133.54 കോടി രൂപ കൊടുത്തെന്ന് പന്നു

**ന്യൂഡൽഹി:** ആംആദ്മി പാർട്ടിക്ക് 2014 മുതൽ 2022 വരെ 133.54 കോടി രൂപ നൽകിയെന്ന് ഖലിസ്ഥാൻ അനുകൂല സംഘടനാനേതാവ് ഗുർപട്‍വന്ത് സിങ് പന്നു അവകാശപ്പെട്ടു. ഖലിസ്ഥാൻ വിമോചന സേനാ ഭീകരൻ ജയിലിൽ കഴിയുന്ന ദേവേന്ദർ പാൽ സിങ് ഭുള്ളറെ മോചിപ്പിക്കാൻ 2014ലാണ് എഎപിയുടെ കൺവീനർ അരവിന്ദ് കേജ്‍രിവാളുമായി ധാരണയായതെന്നും ഇതിനുള്ള പ്രത്യുപകാരമായി പണം കൈമാറുകയുമായിരുന്നെന്നും സിഖ് ഫോർ ജസ്റ്റിസ് സംഘടനയുടെ നേതാവ് കഴിഞ്ഞ ദിവസം പുറത്തുവിട്ട വിഡിയോയിൽ ആരോപിച്ചു. ഇത് ഉൾപ്പെടെയുള്ള വാഗ്ദാനങ്ങൾ നടപ്പാക്കാതിരുന്ന എഎപി, ഖലിസ്ഥാൻ അനുകൂലികളോടു മറുപടി പറയേണ്ടി വരുമെന്നും പന്നു പറയുന്നു.

2014ൽ ന്യൂയോർക്കിൽ ഖലിസ്ഥാൻ അനുകൂലികളുമായി നടന്ന കൂടിക്കാഴ്ചയിലാണു ഭുള്ളറെ മോചിപ്പിക്കാമെന്ന വാഗ്ദാനം കേജ്‍രിവാൾ നടത്തിയതെന്നാണു വിശദീകരണം. ലുധിയാനയിൽ എൻജിനീയറിങ് കോളജ് അധ്യാപകനായിരുന്ന ഭുള്ളർ, ചണ്ഡിഗഡ് സീനിയർ പൊലീസ് സൂപ്രണ്ട് എസ്.എസ്.സൈനിയെ വധിക്കാൻ 1991 ഓഗസ്റ്റ് 29നും യൂത്ത് കോൺഗ്രസ് പ്രസിഡന്റ് മനീന്ദർ സിങ് ബിട്ടയെ വധിക്കാൻ ഡൽഹിയിൽ 1993 സെപ്റ്റംബർ 10നും നടത്തിയ ബോംബ് സ്ഫോടനങ്ങളിൽ പങ്കുവഹിച്ചെന്നായിരുന്നു കണ്ടെത്തൽ. നേരത്തെ വധശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്ന ഭുള്ളറുടെ ശിക്ഷ 2014 ൽ സുപ്രീം കോടതി ജീവപര്യന്തമാക്കിയിരുന്നു.





ജയിൽ മോചിതനാക്കണമെന്ന ഭുള്ളറുടെ അപേക്ഷ ഈ വർഷം ജനുവരിയിൽ തുടർച്ചയായി ഏഴാമത്തെ തവണയും തള്ളി. പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മാൻ ഖലിസ്ഥാൻ അനുകൂലികളിൽ നിന്ന് 50 കോടിയിലേറെ രൂപ സംഭാവന സ്വീകരിച്ചുവെന്ന് ഈ വർഷമാദ്യം പന്നു ആരോപിച്ചിരുന്നു. പഞ്ചാബ് മുൻമുഖ്യമന്ത്രിയും ബിജെപി നേതാവുമായ അമരീന്ദർ സിങ്ങും എഎപിക്കു ഖലിസ്ഥാൻ ബന്ധമുണ്ടെന്ന ആരോപണം ഉന്നയിച്ചിരുന്നു.

## കേരളത്തിൽ യുവ വോട്ടർമാരുടെ എണ്ണത്തിൽ വൻ വർധന; 3,88,981 യുവ സമ്മതിദായകർ

**തിരുവനന്തപുരം:** ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ യുവ വോട്ടർമാരുടെ എണ്ണത്തിൽ വൻ വർധനവ്. കരടു വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച 2023 ഒക്ടോബർ 27ന് ശേഷം 3,11,805 വോട്ടർമാരാണ് പുതുതായി ചേർന്നത്. കരട് വോട്ടർ പട്ടികയിൽ 77,176 യുവ വോട്ടർമാരാണ് ഉണ്ടായിരുന്നത്. ഇത് ജനുവരി 22ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർ പട്ടികയിൽ 2,88,533 ആയി. ഇന്നു വരെയുള്ള കണക്കനുസരിച്ച് 3,88,981 യുവ വോട്ടർമാരാണ് ഉള്ളത്. 18നും 19നും ഇടയിൽ പ്രായമുള്ള സമ്മതിദായകരാണു യുവ വോട്ടർമാരുടെ വിഭാഗത്തിലുള്ളത്. ഈ ലോക്സഭാ തിരഞ്ഞെടുപ്പിലെ കന്നി വോട്ടർമാർകൂടിയാണ് ഇവർ.

ഹ്രസ്വകാലയളവിനുള്ളിൽ യുവ വോട്ടർമാരുടെ എണ്ണത്തിൽ ഉണ്ടായ ഈ വർധന ശരാശരി അടിസ്ഥാനത്തിൽ രാജ്യത്തുതന്നെ ഒന്നാമതാണ്. ഭിന്നലിംഗകാരായ വോട്ടർമാരുടെ എണ്ണം കരട് പട്ടികയിൽ 268 ആയിരുന്നു. അന്തിമ വോട്ടർ പട്ടികയിൽ ഇത് 309 ആയി. ഇന്നു വരെയുള്ള കണക്കു പ്രകാരം 338 പേർ പട്ടികയിൽ ഉണ്ട്.



ചീഫ് ഇലക്ടറൽ ഓഫിസിന്റെ ആഭിമുഖ്യത്തിൽ വ്യാപകമായി നടത്തിയ പ്രചാരണ പരിപാടികളും ജില്ലാ തിരഞ്ഞെടുപ്പ് ഓഫിസർമാരുടെ നേതൃത്വത്തിൽ ജില്ലാ തലങ്ങളിൽ നടത്തിയ പ്രചാരണവുമാണ് യുവാക്കളുടെ എണ്ണത്തിൽ വർധന ഉണ്ടാക്കിയതെന്നാണു വിലയിരുത്തലെന്നു മുഖ്യ തിരഞ്ഞെടുപ്പ് ഓഫിസർ സഞ്ജയ് കൗൾ പറഞ്ഞു. തിരഞ്ഞെടുപ്പു കമ്മിഷന്റെ സിസ്റ്റമാറ്റിക് വോട്ടേഴ്സ് എജ്യുക്കേഷൻ ആൻഡ് ഇലക്ടറൽ പാർട്ടിസിപ്പേഷൻ (സ്വീപ്പ്) പ്രവർത്തനങ്ങളുടെ ഭാഗമായി സമൂഹമാധ്യമങ്ങൾ മുഖേനയും കോളജുകൾ, സർവകലാശാലകൾ, പൊതു ഇടങ്ങൾ എന്നിവിടങ്ങളിലും വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വോട്ടുവണ്ടി പ്രചാരണ വാഹനം സംസ്ഥാനത്തെ വിവിധ നിയോജക മണ്ഡലങ്ങളിൽ പ്രചാരണം നടത്തി. വോട്ടർ ബോധവത്കരണ പരിപാടികളുടെ ഭാഗമായി ചീഫ് ഇലക്ടറൽ ഓഫിസറുടേയും ജില്ലാ തിരഞ്ഞെടുപ്പ് ഓഫിസർമാരുടെയും നേതൃത്വത്തിൽ തയാറാക്കി ഇൻസ്റ്റഗ്രാം, ഫെയ്സ്ബുക്ക് തുടങ്ങിയ സമൂഹമാധ്യമ പ്ലാറ്റ്ഫോമുകളിൽ അപ്‍ലോഡ് ചെയ്ത പോസ്റ്റുകൾക്കു വലിയ സ്വീകാര്യതയാണു ലഭിച്ചതെന്നും അദ്ദേഹം പറഞ്ഞു.



# സിംഗപ്പൂർ ജെയിംസ് കുക്ക് യൂണിവേഴ്സിറ്റി : വിവിധ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ലോകത്തിലെ ഏറ്റവും മികച്ച 2% സർവ്വകലാശാലക ളിൽ ഒന്നായ ഓസ്ട്രേലിയയിലെ ജെയിംസ് കുക്ക് യൂണിവേഴ് സിറ്റിയുടെ പൂർണ ഉടമസ്ഥതയിലുള്ള ജെയിംസ് കുക്ക് യൂണി വേഴ്സിറ്റിയുടെ സിംഗപ്പൂർ കാമ്പസ് 202425 അധ്യയന വർഷത്തേ ക്കുള്ള അവരുടെ ബാച്ചിലേഴ്സ്, മാസ്റ്റേഴ്സ് ഡിഗ്രി പ്രോഗ്രാമു കളിലേക്കുള്ള പ്രവേശനം പ്രഖ്യാപിച്ചു.

ജനുവരി, മെയ്, സെപ്റ്റംബർ മാസങ്ങളിൽ മൂന്ന് ബാച്ചുകളാ യി ആണ് കോഴ്സുകൾ ആരംഭിക്കുന്നത്. അതിൽ മേയിലെ പ്രവേശനത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തി യ്യതി ഏപ്രിൽ 20 നും സെപ്റ്റംബർ പ്രവേശനത്തിനുള്ള അവ സാന തിയ്യതി ഓഗസ്റ്റ് 16 നും ആയിരിക്കും. ഇന്ത്യൻ വിദ്യാർത്ഥി കൾക്ക് അവരുടെ അക്കാദമിക് സ്കോറിനെ അടിസ്ഥാനമാക്കി ഏകദേശം 10000 സിംഗപ്പൂർ ഡോളർ വരെയുള്ള സ്കോളർഷി പ്പുകൾ നേടാൻ അവസരമുണ്ടാകും.2,000ത്തിലധികം ഇന്ത്യൻ വി ദ്യാർത്ഥികൾ ഉൾപ്പെടെ 55 രാജ്യങ്ങളിൽ നിന്നുള്ള പൂർവ്വ വിദ്യാർ ഥികൾ ജെയിംസ് കുക്ക് യൂണിവേഴ്സിറ്റിയ്ക്കുണ്ട്.

രണ്ടു വർഷം, 6 ട്രിമെസ്റ്റർ ദൈർഘ്യമുള്ള ബിരുദ പ്രോഗ്രാ മുകളും 1216 മാസങ്ങളിലായി ബിരുദാനന്തര ബിരുദ പ്രോഗ്രാ മുകളും യൂണിവേഴ്സിറ്റി വാഗ്ദാനം നൽകുന്നു. അക്കൗണ്ടിം ഗ്, ബിസിനസ്, എൻവയോൺമെന്റൽ സയൻസ്, ഗെയിംസ് ഡി സൈൻ, ഇൻഫർമേഷൻ ടെക്നോളജി, സൈക്കോളജി, കൊമേഴ് സ്, ഹോസ്പിറ്റാലിറ്റി & ടൂറിസം മാനേജ്മെന്റ്, ഡാറ്റ സയൻസ്, സൈബർ സുരക്ഷ, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, അക്വാകൾച്ചർ എന്നിവയാണ് ഇവിടത്തെ പ്രധാന കോഴ്സുകൾ. ബിസിനസ് സ്കൂളിന് കീഴിൽ, സിംഗപ്പൂരിലെ ജെയിംസ് കുക്ക് യൂണിവേഴ് സിറ്റി വാഗ്ദാനം ചെയ്യുന്ന ചില പ്രോഗ്രാമുകളിൽ സംരംഭകത്വം, ധനകാര്യം, അക്കൗണ്ടിംഗ്, ഇന്റർനാഷണൽ ബിസിനസ്, ഗ്ലോ ബൽ ടാലന്റ് മാനേജ്മെന്റ്, ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങി ഒ ന്നിലധികം സ്പെഷ്യലൈസേഷനുകൾ ഉൾപ്പെടുന്നുവെന്ന് ജെ യിംസ് കുക്ക് യൂണിവേഴ്സിറ്റിയിലെ ഡീൻ ഇന്റർനാഷണലും ചീഫ് സസ്റ്റൈനബിലിറ്റി ഓഫീസറുമായ പ്രൊഫസർ മേടോൻ മുള്ളിൻസ് പറഞ്ഞു.

# പ്രത്യേക പാക്കേജിംഗ് പതിപ്പുമായി ഏഷ്യൻ പെയിന്റ്സ് അപെക്സ് അൾട്ടിമ പ്രൊട്ടക്




**കൊച്ചി:** കേരളത്തിന്റെ തനതായ പൈതൃകം, കല, സംസ്കാരം, പാരമ്പര്യം എന്നിവയെ ആദരിക്കുന്നതിനായി, ഏഷ്യൻ പെയിന്റ്സ് തങ്ങളുടെ അൾട്രാ ഡ്യൂറബിൾ ലക്ഷ്വറി എക്സ്റ്റീരിയർ പെയിന്റായ അപെക്സ് അൾട്ടിമ പ്രോട്ടെക്കിനായി ഒരു പ്രത്യേക പാക്കേജിംഗ് പതിപ്പ് പുറത്തിറക്കുന്നു.

സംസ്ഥാനത്തിന്റെ സമ്പന്നമായ ആചാരങ്ങളും പാരമ്പര്യങ്ങളും പ്രകൃതിദൃശ്യങ്ങളും മനോഹരമായി പകർത്തുന്ന താണ് പുതിയ പൈതൃകപ്രചോദിത പാക്കേജിംഗെന്ന് ഏഷ്യൻ പെയിന്റ്സ് ലിമിറ്റഡ് സിഇഒയും എംഡിയുമായ അമിത് സിങ് ലെ പറഞ്ഞു.പരമ്പരാഗത നൃത്ത രൂപങ്ങളായ പുലികളിയും ക ഥകളിയും മുതൽ പാരിപ്പള്ളി ഗജമേള പോലുള്ള ചരിത്ര പ്രാ ധാന്യമുള്ള ഉത്സവങ്ങളും കൂടാതെ കേരളത്തിലെ പ്രശാന്തമായ കായലുകളും ഹൗസ് ബോട്ടുകളും വരെയുള്ള സംസ്ഥാനത്തി ന്റെ സവിശേഷമായ പ്രതീകങ്ങൾ ഈ പുതിയ പാക്കേജിങ്ങിൽ പ്രദർശിപ്പിക്കുന്നു. ആയുർവേദ ചികിത്സ, വിഭവസമൃദ്ധമായ സ ദ്യ, കേരളത്തിലെ പ്രശസ്തമായ വാദ്യമേളമായ തായമ്പക എ ന്നിവയുടെ ചിത്രങ്ങളും ഇതിലുണ്ട്. കേരളത്തിന്റെ സാംസ്കാ രിക വിസ്മയങ്ങൾക്ക് ആദരവ് അർപ്പിക്കുന്നതാണ് പുതിയ പ ായ്ക്കിലെ സംസ്ഥാനത്തിന്റെ ഐഡന്റിറ്റിയുടെ ഈ ദൃശ്യവിസ് മയകരമായ ആവിഷ്കാരം. കേരളീയരെ കേരളത്തിലെ സമ്പന്ന മായ സാംസ്കാരിക പൈതൃകത്തിലൂടെയുള്ള ഒരു യാത്രയിലേ ക്ക് കൊണ്ടുപോകുന്ന ആനന്ദകരമായ ഒരു പരസ്യ ചിത്രവും ഇ തിന്റെ കൂടെ ഏഷ്യൻ പെയിന്റ്സ് പുറത്തിറക്കിയിട്ടുണ്ടെന്നും അ മിത് സിങ്ലെ പറഞ്ഞു

# ഇന്ത്യൻ സമ്പദ് വ്യവസ്ഥ ശുഭ പ്രതീക്ഷയിൽ

**കൊച്ചി:** വളരുന്ന സാമ്പത്തിക വിപണികളിൽ തിളക്കമുള്ള സ്ഥാനം നേടിയ ഇന്ത്യ ഈ സാമ്പത്തിക വർഷവും വളർച്ചയിലും പണപ്പെരുപ്പത്തിലും മികച്ച നിരക്കുകൾ കുറിച്ച് അൽഭുതപ്പെടുത്തിയിരിക്കുന്നുവെന്ന് ബന്ധൻ എഎംസി ഫിക്സ്ഡ് ഇൻകം, സാമ്പത്തിക വിദഗ്ധൻ ശ്രീജിത്ത് ബാലസുബ്രമണ്യൻ പറഞ്ഞു. ഈയിടെ അവതരിപ്പിച്ച കേന്ദ്ര ബജറ്റിൽ 2024 സാമ്പത്തിക വർഷത്തെ ധനകമ്മി 5.8 ശതമാനമാണ് കണക്കാക്കിയിരിക്കുന്നത്. 2025ൽ ഇത് 5.1 ശതമാനവും 2026ൽ 4.5 ശതമാനവുമാകുമെന്ന് പ്രതീക്ഷിക്കുന്നു. മൊത്തം പൊതുമേഖല കമ്മി മഹാമാരിയുടെ കാലത്തേക്കാൾ കുറയുമെന്നും കണക്കാക്കുന്നു. അതേസമയം, ഉയർന്ന വളർച്ചയെ സൂചിപ്പിക്കുന്ന മൂലധന ചെലവും നികുതി വരുമാനവും ഉയരുകയും ചെയ്യുന്നു. 2024 സാമ്പത്തിക വർഷത്തെ മൂന്നാം പാദത്തിൽ ജിഡിപി വളർച്ച 8.4 ശതമാനവും 2024 സാമ്പത്തിക വർഷം 7.6 ശതമാനവുമാണ് കണക്കാക്കിയിരിക്കുന്നതെന്നും ബാലസുബ്രമണ്യൻ പറഞ്ഞു.ചരക്ക് വ്യാപാര കമ്മി അടുത്തിടെ മിതമായിട്ടുണ്ട്. കഴിഞ്ഞ 34 വർഷത്തെ സേവന വ്യാപാര മിച്ചവും വർധിച്ചിട്ടുണ്ട്. ഇത് നിക്ഷേപ രഹിത സമ്പാദ്യമായ കറണ്ട് അക്കൗണ്ട് കമ്മിയെ 2023 സാമ്പത്തിക വർഷത്തെ ജിഡിപി രണ്ടു ശതമാനത്തിലും 2024ൽ ഒരു ശതമാനത്തിലും താഴെയായി നിർത്തുന്നു. മൊത്തത്തിലുള്ള പൊതുമേഖല കമ്മി ജിഡിപിയുടെ 10 ശതമാനം എന്നതിനൊപ്പം ന്യായമായ ഈ കറണ്ട് അക്കൗണ്ട് കമ്മി സൂചിപ്പിക്കുന്നത് നിക്ഷേപങ്ങൾക്കായി സ്വകാര്യ മേഖലയെ തിരയുകയോ ബാഹ്യമായ ഫണ്ടുകൾ തേടുകയോ ചെയ്തിട്ടില്ലെന്നാണ്. ഇപ്പോൾ നമ്മൾ മെച്ചപ്പെട്ട സ്ഥിതിയിലാണ്. സ്വകാര്യ നിക്ഷേപങ്ങളെ ആശ്രയിക്കുന്നത് ആരംഭിക്കുകയും ആസൂത്രിതമായ പൊതുമേഖല കമ്മി ഏകീകരണം തുടരുകയും ചെയ്താൽ കറണ്ട് അക്കൗണ്ട് കമ്മിയിൽ ഇവ രണ്ടും സ്വാധീനം ചെലുത്തുകയും തിരിച്ചടി ഉണ്ടാകുകയും ചെയ്യും. അതിനാൽ പൊതുമേഖല നിക്ഷേപം ഒരു പടി പിന്നോട്ട് പോയി സ്വകാര്യ മേഖലയിലെ നിക്ഷേപങ്ങൾ കുതിച്ചുയരുകയും കൂടുതൽ ഫണ്ടുകൾ ഉപയോഗിക്കുകയും ചെയ്യുന്നു.

മഹാമാരി മുതൽ പ്രധാന പണപ്പെരുപ്പം ഉയർന്ന തോതിലായിരുന്നു. എന്നാൽ 2024 സാമ്പത്തിക വർഷത്തിൽ കുറഞ്ഞു. ആവശ്യവും വിതരണവും മിതമായിരുന്നതിനാൽ ഈ ജനുവരിയിൽ വിലക്കയറ്റം (എൽപിജി, വൈദ്യുതി, പെട്രോൾ, ഡീസൽ) നേരിയ തോതിൽ കുറഞ്ഞ് 3.6 ശതമാനമായി. കാലാവസ്ഥ ക്രമരഹിതമായതിനാൽ അസ്ഥിരമായ ഭക്ഷ്യ വിലക്കയറ്റം പ്രശ്നമാണ്. അടിക്കടിയുള്ള ഈ ഭക്ഷ്യ വില ആഘാതങ്ങൾ പ്രധാന വിലകളെ സ്വാധിനിക്കാൻ തുടങ്ങുന്നു എന്നതാണ് ആശങ്ക. സർക്കാരിന്റെ സമീപകാല വിതരണ നടപടികൾ ഉപയോഗപ്രദമാണെന്ന് തെളിഞ്ഞെങ്കിലും ആർബിഐയുടെ മോണിറ്ററി പോളിസി കമ്മിറ്റിയിലെ അംഗങ്ങൾക്കിടയിലെ പണപ്പെരുപ്പത്തെ കുറിച്ചുള്ള ആശങ്ക ശക്തമായിരുന്നു. എന്നാൽ പ്രതീക്ഷിച്ചതിലും വേഗത്തിലുള്ള സാമ്പത്തിക ഏകീകരണവും മൂലധന ചെലവിൽ ശ്രദ്ധ കേന്ദ്രീകരിച്ചതും പണപ്പെരുപ്പ ഭീഷണിയെ തടയുമെന്നാണ് പ്രതീക്ഷ. ആർബിഐയുടെ ഏറ്റവും പുതിയ പണപ്പെരുപ്പ നിരക്കനുസരിച്ച് ശരാശരി 2024ലെ 5.4 ശതമാനത്തിൽ നിന്നും 2025ൽ 4.5 ശതമാനമായി കുറയുമെന്ന് പ്രവചിക്കുന്നുവെന്നും ബാലസുബ്രമണ്യൻ പറഞ്ഞു.

# വാൻ ഇലക്ട്രിക് മോട്ടോ മൗണ്ടെൻ സൈക്കിളുകൾ അവതരിപ്പിച്ചു

**കൊച്ചി:** ഇലക്ട്രിക് വാഹനനിർമാണ രംഗത്തെ ഇന്ത്യൻ സ്റ്റാർട്ടപ്പായ വാൻ ഇലക്ട്രിക് മോട്ടോ, കേരള ബ്ലാസ്റ്റേഴ്സ് ഫുട്ബാൾ ക്ലബ്ബിന്റെ ഔദ്യോഗിക ഇമൊബിലിറ്റി പാർട്ണറായി. കായികരംഗത്തെ മികവുയർത്തുന്നതിനൊപ്പം സുസ്ഥിരഗതാഗത മാർഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ കൂടി ഭാഗമായാണ് സഹകരണം. ഇതിന്റെ ഭാഗമായി കമ്പനി പുറത്തിറക്കിയ പുതിയ മൗണ്ടെൻ ബൈക്ക് മോഡലായ സ്റ്റെൽവിയോ കേരള ബ്ലാസ്റ്റേഴ്സ് കോച്ച് ഇവാൻ വുക്കോമനോവിച്ച് അവതരിപ്പിച്ചു.



സ്റ്റെൽവിയോയുടെ ഔദ്യോഗിക വീഡിയോ പ്രകാശനം ഇന്ത്യൻ പോർട്സ് ഗ്ലോബൽ എംഡി സുനിൽ മുകുന്ദൻ നിർവഹിച്ചു.ചടങ്ങിൽ കേരള ബ്ലാസ്റ്റേഴ്സ് ടീമിന്റെ പത്താം വാർഷികത്തോട് അനുബന്ധിച്ച് 'ബ്ലാസ്റ്റേഴ്സ് എഡിഷൻ' എന്ന പേരിൽ ലിമിറ്റഡ് എഡിഷൻ മൗണ്ടെൻ ബൈക്കുകളും കമ്പനി അവതരിപ്പിച്ചു. കേരള ബ്ലാസ്റ്റേഴ്സിലെ ജനപ്രിയ താരങ്ങളായ മിലോസ് ഡ്രിഞ്ചിക്, ഡാനിഷ് ഫാറൂഖ്, ഡായിസുകെ സകായി എന്നിവർ ചേർന്നാണ് ലിമിറ്റഡ് എഡിഷൻ ബൈക്കുകൾ അവതരിപ്പിച്ചത്. ബ്ലാസ്റ്റേഴ്സ് എഡിഷന്റെ വീഡിയോ പ്രശസ്ത സിനിമാതാരം സംസ്കൃതി ഷേണായ് പ്രകാശനം ചെയ്തു. ചടങ്ങിൽ കേരള ബ്ലാസ്റ്റേഴ്സ് കോച്ച് ഇവാൻ വുക്കോമനോവിച്ചിനെ കമ്പനിയുടെ ബ്രാൻഡ് അംബാസഡറായും പ്രഖ്യാപിച്ചു. ഇറ്റാലിയൻ വാഹനനിർമാതാക്കളായ ബെനലിയുടെ ഇലക്ട്രിക് ബൈക്ക് വിഭാഗമാണ് ഇപ്പോൾ പുറത്തിറക്കുന്ന രണ്ട് സൈക്കിളുകളും നിർമിച്ചിട്ടുള്ളത്. സ്റ്റെൽവിയോക്ക് ജിഎസ്ടി ഉൾപ്പെടെ 94,500 രൂപയാണ് വില. ബ്ലാസ്റ്റേഴ്സിന്റെ ലിമിറ്റഡ് എഡിഷൻ ബൈക്കുകൾ 99,000 രൂപയ്ക്കും സ്വന്തമാക്കാം.

ഔദ്യോഗിക വെബ്സൈറ്റായ vaanmoto.com ൽ ബുക്കിങ് ആരംഭിച്ചു. ലോഞ്ച് ഓഫറായി തുടക്കത്തിൽ 5000 രൂപയുടെ ഡിസ്കൗണ്ടും സ്റ്റെൽവിയോ ബൈക്കുകൾക്ക് കമ്പനി നൽകുന്നുണ്ട്. കേരളത്തിന് പുറമെ ഉയർന്ന വില്പനസാധ്യതകളുള്ള മുംബൈ, ബെംഗളൂരു, ഗോവ, ഹൈദരാബാദ്, ചെന്നൈ നഗരങ്ങളിലും ബൈക്ക് ലഭ്യമാകും.ഇന്ത്യയിൽ ഏറ്റവുമധികം ആരാധകരുള്ള കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുമായി പങ്കാളിത്തമുണ്ടാക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്ന് വാൻ ഇലക്ട്രിക് മോട്ടോ പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകനും സിഇഒയുമായ ജിത്തു സുകുമാരൻ നായർ പറഞ്ഞു. കഴിവുള്ള ചെറുപ്പക്കാരെ കണ്ടെത്താനുള്ള കേരള ബ്ലാസ്റ്റേഴ്സിന്റെ ശ്രമങ്ങളാണ് കമ്പനിയെ ഏറെ ആകർഷിച്ചത്. വാൻ മോട്ടോയും അതേ ലക്ഷ്യമാണ് പിന്തുടരുന്നത്. പ്രകൃതിസൗഹൃദഗതാഗത മാർഗങ്ങളുടെ അനന്തസാധ്യതകൾ തുറക്കാനാണ് ഈ പങ്കാളിത്തത്തിലൂടെ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.




# ഡെയറിംഗ് പ്രിൻസ് പ്രകാശനം ചെയ്തു

**കൊച്ചി:** മനുഷ്യാവകാശ പ്രവർത്തകനും ബിസിനസുകാരനുമായ കമൽ ഹസൻ മുഹമ്മദിന്റെ ആത്മകഥ ഡെയറിംഗ് പ്രിൻസ് അങ്കമാലി അഡ്‌ലക്സ് പാരഗണിൽ നടന്ന ചടങ്ങിൽ ആത്മീയ ഗുരുവും കമൽ ഹസന്റെ ബാല്യകാല സഹപാഠിയുമായ ഡോ മോഹൻജി ആദ്യകോപ്പി മുൻ നയതന്ത്ര പ്രതിനിധി വേണു രാജാമണി ഐഎഫ്എസിനു (റിട്ട.) നൽകി പ്രകാശിപ്പിച്ചു.

സിനിമാ സംവിധായകരായ കെ മധു, റോബിൻ തിരുമല, സുനിൽ കാരന്തൂർ, മുൻസിഫ് കോടതി ജഡ്ജി കെ കാർത്തിക, ഫാ. മൈക്കിൾ മാളിയേക്കൽ തുടങ്ങിയവർ പങ്കെടുത്തു.യമനിലെ യുദ്ധമുഖത്തു നിന്നു യമൻകാരിയായ ജീവിതപങ്കാളിയും മൂന്നു മക്കളുമൊത്ത് നാട്ടിലെത്തിയ ശേഷം നേര്യമംഗലം തലക്കോടാണ് കണ്ണൂർ സ്വദേശിയായ കമൽ ഹസൻ താമിസക്കുന്നത്. യമനിലെ ആഭ്യന്തര കലാപങ്ങളും സാമൂഹ്യസേവനരംഗത്തേയ്ക്കു തിരിഞ്ഞതുമായ സംഭവബഹുലമായ ജീവിതമാണ് ആത്മതകഥയിലൂടെ കമൽ ഹസൻ വെളിപ്പെടുത്തുന്നത്. മുംബൈയിലെ കോകിലാബെൻ ധീരുഭായ് അംബാനി ഹോസ്പിറ്റലിന്റെ ഇന്റർനാഷനൽ ബിസിനസ് അസോസിയേറ്റ് കൂടിയായ അദ്ദേഹം മൗറീഷ്യസിലെ വെൽമെഡ് ട്രിപ്പിന്റെ ഡയറക്ടർ കൂടിയാണ്.

ആമസോൺ, ഫ്ളിപ്കാർട്ട് എന്നീ ഇകോമേഴ്സ് സൈറ്റുകളിൽ പുസ്തകം ലഭ്യമാണ്.ഫോട്ടോ  മനുഷ്യാവകാശ പ്രവർത്തകനും ബിസിനസുകാരനുമായ കമൽ ഹസൻ മുഹമ്മദിന്റെ ആത്മകഥ ഡെയറിംഗ് പ്രിൻസ് അങ്കമാലി അഡ്‌ലക്സ് പാരഗണിൽ നടന്ന ചടങ്ങിൽ ആത്മീയഗുരുവും കമൽ ഹസന്റെ ബാല്യകാല സഹപാഠിയുമായ ഡോ മോഹൻജി ആദ്യകോപ്പി മുൻ നയതന്ത്ര പ്രതിനിധി വേണു രാജാമണി ഐഎഫ്എസിനു (റിട്ട.) നൽകി പ്രകാശിപ്പിക്കുന്നു

## റെനോ നിസാൻ ഓട്ടോമോട്ടീവ് ഇന്ത്യക്ക് പ്ലാറ്റിനം കാറ്റഗറി വാട്ടർ പോസിറ്റീവ് അക്രഡിറ്റേഷൻ

**കൊച്ചി:** റെനോ നിസാൻ ഓട്ടോമോട്ടീവ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിനു(ആർഎൻഐപിഎൽ) ഡി ക്യു എസ്സിന്റെ പ്ലാറ്റിനം കാറ്റഗറി വാട്ടർ പോസിറ്റീവ് അക്രഡിറ്റേഷൻ ലഭിച്ചു. 2023ൽ നടത്തിയ ജല ഉപയോഗ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായിയാണ് ഡിക്യുഎസ് റെനോ നിസാൻ ഓട്ടോമോട്ടീവ് ഇന്ത്യക്ക് അക്രഡിറ്റേഷൻ നൽകിയത്.

അന്താരാഷ്ട്ര അംഗീകൃത ഐഎസ്ഒ സർട്ടിഫിക്കേഷൻ ബോഡി ഓഡിറ്റുകൾ, വിലയിരുത്തലുകൾ, ലോകമെമ്പാടുമുള്ള പരിശീലനങ്ങൾ എന്നിവ നൽകുന്ന ഡിക്യുഎസ് 2024 ഫെബ്രുവരിയിൽ നടത്തിയ വിശദമായ ഓഡിറ്റിനെത്തുടർന്നാണ് അക്രഡിറ്റേഷൻ നൽകിയത്.സമഗ്രമായ പദ്ധതികളിലൂടെ ജല ഉപഭോഗം കുറയ്ക്കുന്നത് നടപ്പിലാക്കിയ പ്ലാന്റ് വ്യാപകമായ മഴവെള്ള സംഭരണം, മലിനജലത്തിന്റെ പരമാവധി പുനരുപയോഗം, അതുപോലെ  ജലാശയങ്ങളുടെ പുനരുജ്ജീവനം ഉൾപ്പെടെയുള്ളവ നടപ്പിലാക്കി. ആർഎൻഐപിഎൽ വിവിധ വ്യാവസായിക ആവശ്യങ്ങൾക്കുള്ള വെള്ളം പുനരുപയോഗം ചെയ്താണ് ഉപയോഗിക്കുന്നത്. എല്ലാവർക്കും സുസ്ഥിരവുമായ ഭാവി ഉറപ്പാക്കുന്നതിനായി ജല കാര്യക്ഷമത വർധിപ്പിക്കുന്നതിനും ഉപയോഗം പരമാവധി കുറയ്ക്കുന്നതിനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ആർഎൻഎൈപിഎൽ മാനേജിങ് ഡയറക്ടർ കീർത്തി പ്രകാശ് പറഞ്ഞു.

## ലോക ക്ഷയരോഗ ദിനാചരണം

**മലപ്പുറം:**ലോക ക്ഷയരോഗ ദിനാചരണത്തിന്റെ ഭാഗമായി ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ  ജില്ലാതല ക്ഷയരോഗ ദിനാചരണ പരിപാടി സംഘടിപ്പിച്ചു. മലപ്പുറം ദാരിദ്ര്യ ലഘൂകരണ വിഭാഗം (പി.എ.യു) കോൺഫറൻസ് ഹാളിൽ നടന്ന പരിപാടി സബ് കളക്ടർ സുമിത് കുമാർ ഠാക്കൂർ ഉദ്ഘാടനം ചെയ്തു. 'അതെ നമുക്ക് ക്ഷയരോഗത്തെ തുടച്ചുനീക്കാം'  എന്നതാണ് ഈ വർഷത്തെ  ക്ഷയരോഗദിന സന്ദേശം. ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആർ. രേണുക അധ്യക്ഷത വഹിച്ചു.

ജില്ലാ സർവെയലൻസ്  ഓഫീസർ ഡോ. സി.  ഷുബിൻ ക്ഷയരോഗത്തെപ്പറ്റി മുഖ്യപ്രഭാഷണം നടത്തി.

# സീസൺ പകുതിയായിട്ടും സർക്കാരിൻെറ കശുവണ്ടി സംഭരണം തുടങ്ങിയില്ല

**കാസർഗോഡ്:** സീസൺ ഏതാണ്ട് പകുതിയോളം കഴിഞ്ഞിട്ടും സർക്കാരിൻെറ കശുവണ്ടി സംഭരണം തുടങ്ങാത്തത് കർഷകർക്ക് തിരിച്ചടിയാകുന്നു. കഴിഞ്ഞവർഷം കിലോയ്ക്ക് 114 രൂപ തറവില നിശ്ചയിച്ചിരുന്നത് ഇത്തവണ 105 രൂപയായി കുറച്ചതും തിരിച്ചടിയായി. കശുവണ്ടിപ്പരിപ്പിന് നിലവിൽ 1000 രൂപയോളം വിലയുള്ളപ്പോൾ ഗുണനിലവാരമുള്ള കശുവണ്ടിക്ക് 250 രൂപയെങ്കിലും ലഭിക്കേണ്ടതാണെന്ന് സാമ്പത്തിക വിദഗ്ധർ പോലും ചൂണ്ടിക്കാട്ടുമ്പോഴാണ് കഴിഞ്ഞ തവണത്തേതിനേക്കാളും ഒമ്പത് രൂപ കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചത്.

താങ്ങുവില കുറച്ചിട്ടും സംഭരണ കേന്ദ്രങ്ങൾ തുടങ്ങിയതുമില്ല. കഴിഞ്ഞതവണ സഹകരണസംഘങ്ങൾ മുഖേനയാണ് സംഭരണം നടത്തിയിരുന്നത്. ഇത്തവണ അതിനുള്ള നടപടിക്രമങ്ങളൊന്നും ഇനിയും ആയിട്ടില്ല. സർക്കാരിൻെറ സംഭരണം നടക്കാതായതോടെ പൊതുവിപണിയിൽ വില പിന്നെയും കുറയുകയും ചെയ്തു.



സീസണിൻെറ തുടക്കത്തിൽ പലയിടങ്ങളിലും കിലോയ്ക്ക് നൂറു രൂപയെങ്കിലും കിട്ടിയിരുന്നത് ഇപ്പോൾ 95 വരെ താഴ്ന്നു. വേനൽമഴ പെയ്തുതുടങ്ങിയാൽ വില ഇതിലും താഴാമെന്നാണ് അനുഭവം. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടായ ഉത്പാദനക്കുറവിനു പിന്നാലെയാണ് വിലയും കുറയുന്നത്.

മുൻകാലങ്ങളിൽ ജില്ലയിൽ നിന്ന് സംഭരണം നടത്തിയിരുന്ന മംഗളൂരുവിലെ കശുവണ്ടി ഫാക്ടറികളിൽ പലതും ഇപ്പോൾ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് ഗുണനിലവാരം കുറഞ്ഞ കശുവണ്ടി കുറഞ്ഞ വിലയ്ക്ക് ഇറക്കുമതി ചെയ്യുകയാണ്. ഇന്ത്യൻ കശുവണ്ടിയുടെ ഗുണനിലവാരത്തിനൊത്ത വില തരാൻ ഇവർ തയാറാകുന്നുമില്ല. ഇനി വൈകിയ വേളയിൽ സർക്കാരിൻെറ സംഭരണം തുടങ്ങുമ്പോഴേക്കും കർഷകരുടെ നഷ്ടക്കണക്കിൽ അക്കങ്ങൾ പെരുകുമെന്ന നിലയാണ്.




# മൾട്ടിമോഡൽ ട്രാൻസ്പോർട്ട് ഷോ പ്രവാസ് 4.0 ഓഗസ്റ്റ് 29 മുതൽ 31വരെ ബെംഗളൂരുവിൽ

**ബെംഗളൂരു:** ബസ് ആൻഡ് കാർ ഓപ്പറേറ്റേഴ്സ് കോൺഫെഡറേഷൻ ഓഫ് ഇന്ത്യ  സംഘടിപ്പിക്കുന്ന മുൻനിര മൾട്ടിമോഡൽ ട്രാൻസ്പോർട്ട് ഷോയായ പ്രവാസ് 4.0 യുടെ നാലാമത്തെ പതിപ്പ് ഓഗസ്റ്റ് 29 മുതൽ 31 വരെ ബെംഗളൂരുവിൽ വച്ച് നടക്കും.

'സുരക്ഷിതവും സ്മാർട്ടും സുസ്ഥിരവുമായ പാസഞ്ചർ മൊബിലിറ്റി' എന്ന തീമിൽ സംഘടിപ്പിക്കുന്ന പ്രവാസ് 4.0ൽ കാർ ബസ് നിർമാതാക്കൾ വിവിധ സംസ്ഥാന  കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള മെട്രോ, ഘട്ടഘടപങ്കാളികൾ എന്നിവരും പങ്കെടുക്കും. പ്രധാന മന്ത്രി മുന്നോട്ടു വച്ച  'വിക്സിത് ഭാരത്' എന്ന കാഴ്ചപ്പാട് സാക്ഷാത്കരിക്കുന്നതിൽ പൊതുഗതാഗതത്തിന്റെ സുപ്രധാന പങ്ക് എന്ന ആശയം സമ്മേളനം ഉയർത്തിക്കാട്ടും. പ്രവാസിന്റെ ഈ പതിപ്പിൽ, സ്കൂൾ ബസ് സെഗ്മെന്റ്,  ടൂറിസം, ഇലക്ട്രിക് വാഹനങ്ങൾ (ഇവി), മെട്രോ സംവിധാനങ്ങൾ എന്നിവയ്ക്ക് കാര്യമായ ഊന്നൽ നൽകും. സമ്മേളനത്തിൽ 100ലധികം വിദഗ്ധരും, 200ലധികം പ്രദർശകരും 1500ലധികം വ്യവസായ പ്രതിനിധികളും പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

പ്രവാസ് 4.0 യുടെ കർട്ടൻ റെയ്സർ ചടങ്ങ് കഴിഞ്ഞ ദിവസം ദിവസം ബെംഗളുരുവിൽ വച്ച് നടന്നു. കർണാടക ഗതാഗതമുസ്രയ് വകുപ്പു മന്ത്രി രാമലിംഗ റെഡ്ഡി , ബിഒസിഐ ചെയർമാൻ ജഗ്ദിയോ സിംഗ് ഖൽസ,  ബിഒസിഐ പ്രസിഡന്റ് ശ്രീ അലാഹ് ബക്ഷ് അഫ്സൽ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

കർണാടക സ്റ്റേറ്റ് ബസ് ഓണേഴ്സ് അസോസിയേഷൻ, കർണാടക സ്റ്റേറ്റ് ടൂറിസം പ്രൈവറ്റ് ട്രാൻസ്പോർട്ട് ഓണേഴ്സ് അസോസിയേഷൻ, കർണാടക സ്റ്റേറ്റ് ട്രാവൽ ഓപ്പറേറ്റേഴ്സ് അസോസിയേഷൻ, കർണാടക ടൂറിസ്റ്റ് മോട്ടോർ ക്യാബ് മാക്സി ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ, ബാംഗ്ലൂർ ടൂറിസ്റ്റ് ടാക്സി ഓണേഴ്സ് അസോസിയേഷൻ എന്നിവർ സംയുക്തമായാണ് പ്രവാസ് 4.0  സംഘടിപ്പിക്കുന്നത്.

# വേനൽക്കാല രോഗങ്ങൾ: ചിക്കൻ പോക്സിനെതിരെ ജാഗ്രത പാലിക്കണം



**തിരുവനന്തപുരം:** സംസ്ഥാനത്ത് ചൂട് തുടരുന്ന സാഹചര്യത്തിൽ ചിക്കൻ പോക്സിനെതിരെ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സ്വയം ചികിത്സ പാടില്ല. രോഗ ലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ എത്രയും വേഗം ചികിത്സ തേടണം. ശിശുക്കൾ, കൗമാരപ്രായക്കാർ, മുതിർന്നവർ, ഗർഭിണികൾ, പ്രതിരോധശേഷി കുറഞ്ഞവർ എച്ച്.ഐ.വി., കാൻസർ ബാധിതർ, അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർ, കീമോതെറാപ്പി/ സ്റ്റീറോയിഡ് മരുന്നുകൾ ഉപയോഗിക്കുന്നവർ, ദീർഘകാലമായി ശ്വാസകോശ/ ത്വക്ക് രോഗമുള്ളവർ എന്നിവർക്ക് രോഗം ഗുരുതരമാകാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം ശ്രദ്ധിക്കണം. ചിക്കൻ പോക്സ് രോഗിയുമായി സമ്പർക്കത്തിൽ വന്നിട്ടുള്ളതോ രോഗലക്ഷണങ്ങളുള്ളതോ ആയ ഈ വിഭാഗത്തിലുള്ളവർ ആരോഗ്യ പ്രവർത്തകരുടെ ഉപദേശം തേടേണ്ടതാണെന്നും മന്ത്രി അഭ്യർത്ഥിച്ചു.

**എന്താണ് ചിക്കൻ പോക്സ്?**

വേരിസെല്ലാ സോസ്റ്റർ എന്ന വൈറസ് മൂലമുള്ള പകർച്ചവ്യാധിയാണ് ചിക്കൻ പോക്സ്. ഇതുവരെ ചിക്കൻ പോക്സ് വരാത്തവർക്കോ, വാക്സിൻ എടുക്കാത്തവർക്കോ ഈ രോഗം വരാൻ സാധ്യതയുണ്ട്.

**രോഗപ്പകർച്ച**

ചിക്കൻ പോക്സ്, ഹെർപ്പിസ് സോസ്റ്റർ രോഗമുള്ളവരുമായി അടുത്ത സമ്പർക്കത്തിലൂടെയും കുമിളകളിലെ സ്രവങ്ങളിലൂടെയും ചുമ, തുമ്മൽ എന്നിവയിലൂടെയുള്ള കണങ്ങൾ ശ്വസിക്കുന്നത് വഴിയും ചിക്കൻ പോക്സ് ബാധിക്കാം. ശരീരത്തിൽ കുമിളകൾ പൊന്തി തുടങ്ങുന്നതിന് രണ്ട് ദിവസം മുൻപ് മുതൽ അവ ഉണങ്ങുന്നതു വരെ രോഗം പകരാം. 10 മുതൽ 21 ദിവസം വരെ രോഗലക്ഷണങ്ങൾ പ്രകടമാകും.

**രോഗ ലക്ഷണങ്ങൾ**

പനി, ക്ഷീണം, ശരീരവേദന, വിശപ്പില്ലായ്മ, തലവേദന, ശരീരത്തിൽ കുമിളകൾ എന്നിവയാണ് രോഗ ലക്ഷണങ്ങൾ. മുഖം, ഉദര ഭാഗം, നെഞ്ച്, പുറം, കൈകാലുകൾ എന്നിവിടങ്ങളിൽ തടിപ്പുകളായി ആരംഭിച്ച് പിന്നീട് വെള്ളം കെട്ടിനിൽക്കുന്ന കുമിളകൾ വന്ന് നാലു മുതൽ ഏഴ് ദിവസത്തിനുള്ളിൽ അവ പൊട്ടുകയോ ഉണങ്ങുകയോ ചെയ്യും.

**കൂടുതൽ ശ്രദ്ധിക്കേണ്ടത്**

4 ദിവസത്തിൽ കൂടുതലുള്ള പനി, കഠിനമായ പനി, കുമിളകളിൽ കഠിനമായ വേദന/ പഴുപ്പ്, അമിതമായ ഉറക്കം, ആശയകുഴപ്പം, സംഭ്രമാവസ്ഥ, നടക്കാനുള്ള ബുദ്ധിമുട്ട്, കഴുത്ത് വേദന, അടിക്കടിയുള്ള ഛർദ്ദിൽ, ശ്വാസംമുട്ട്, കഠിനമായ ചുമ, കഠിനമായ വയറുവേദന, രക്തസ്രാവം എന്നീ രോഗ ലക്ഷണങ്ങൾ കാണുന്നെങ്കിൽ വളരെ ശ്രദ്ധിക്കണം. ഇവ ചിക്കൻ പോക്സിന്റെ സങ്കീർണതകളായ ന്യൂമോണിയ, മസ്തിഷ്കജ്വരം, കരൾ വീക്കം, സെപ്സിസ് തുടങ്ങിയവയുടെ ലക്ഷണങ്ങളായതിനാൽ എത്രയും വേഗം ചികിത്സ തേടേണ്ടതാണ്.

**രോഗം വന്നാൽ ശ്രദ്ധിക്കേണ്ടവ**

വായു സഞ്ചാരമുള്ള മുറിയിൽ പരിപൂർണമായി വിശ്രമിക്കുക. ധാരാളം വെള്ളം കുടിക്കുക. പഴവർഗങ്ങൾ കഴിക്കുക. മറ്റുള്ളവരുമായി നേരിട്ടുള്ള സമ്പർക്കം ഒഴിവാക്കുക. രോഗി ഉപയോഗിച്ച വസ്ത്രങ്ങളും മറ്റ് വസ്തുക്കളും മറ്റുള്ളവരുമായി പങ്കിടരുത്. അവ ബ്ലീച്ചിംഗ് ലായനി പോലുള്ള അണുനാശിനി ഉപയോഗിച്ച് അണുവിമുക്തമാക്കുക. ചൊറിച്ചിലുള്ള ഭാഗത്ത് കലാമിൻ ലോഷൻ പുരട്ടുക. ശരീരം മൃദുവായ നനഞ്ഞ തുണി കൊണ്ട് ഇടയ്ക്കിടെ ഒപ്പിയെടുക്കുക. ചൊറിച്ചിൽ കുറയ്ക്കുന്നതിനും ആശ്വാസത്തിനും സാധാരണ വെള്ളത്തിലെ കുളി സഹായിക്കും. കൈകളിലെ നഖം വെട്ടി വൃത്തിയായി സൂക്ഷിക്കുക. കുമിളയിൽ ചൊറിഞ്ഞാൽ കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക. ചിക്കൻ പോക്സ് ചികിത്സയിലാണെങ്കിലും സ്ഥിരമായി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന മരുന്നുകൾ ഒന്നും തന്നെ നിർത്തരുത്.

ചിക്കൻ പോക്സ് വന്നിട്ടില്ലാത്തവർക്ക് ചിക്കൻ പോക്സ്/ ഹെർപിസ് സോസ്റ്റർ രോഗികളുമായി സമ്പർക്കം വന്ന് 72 മണിക്കൂറിനുള്ളിൽ വാക്സിൻ എടുത്താൽ രോഗത്തെ പ്രതിരോധിക്കാവുന്നതാണ്.

### ബോധവത്കരണ പരിപാടികൾ വൻ വിജയം

# വോട്ടർ പട്ടികയിൽ മൂന്നു ലക്ഷത്തിലധികം യുവ സമ്മതിദായകർ കൂടി

**തിരുവനന്തപുരം:** ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ യുവ വോട്ടർമാരുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായി. കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച 2023 ഒക്ടോബർ 27ന് ശേഷം 3,11,805 വോട്ടർമാരാണ് പുതുതായി ചേർന്നത്. കരട് വോട്ടർ പട്ടികയിൽ 77,176 യുവ വോട്ടർമാരാണ് ഉണ്ടായിരുന്നത്. ഇത് ജനുവരി 22ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർ പട്ടികയിൽ 2,88,533 ആയി. തിങ്കളാഴ്ച( മാർച്ച് 25) വരെയുള്ള കണക്കനുസരിച്ച് 3,88,981 യുവ വോട്ടർമാരാണ് ഉള്ളത്. 18നും 19നും ഇടയിൽ പ്രായമുള്ള സമ്മതിദായകരാണു യുവവോട്ടർമാരുടെ വിഭാഗത്തിലുള്ളത്. ഈ ലോക്സഭാ തെരഞ്ഞെടുപ്പിലെ കന്നി വോട്ടർമാർകൂടിയാണ് ഇവർ. ഹ്രസ്വകാലയളവിനുള്ളിൽ യുവ വോട്ടർമാരുടെ എണ്ണത്തിൽ ഉണ്ടായ ഈ വർദ്ധന ശരാശരി അടിസ്ഥാനത്തിൽ രാജ്യത്തുതന്നെ ഒന്നാമതാണ്. ഭിന്നലിംഗകാരായ വോട്ടർമാരുടെ എണ്ണം കരട് പട്ടികയിൽ 268 ആയിരുന്നു. അന്തിമ വോട്ടർ പട്ടികയിൽ ഇത് 309 ആയി. ഇന്നുവരെയുള്ള കണക്ക് പ്രകാരം ഭിന്നലിംഗക്കാരായ 338 പേർ പട്ടികയിൽ ഉണ്ട്.ചീഫ് ഇലക്ടറൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ വ്യാപകമായി നടത്തിയ പ്രചാരണ പരിപാടികളും ജില്ലാ ഇലക്ഷൻ ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ലാ തലങ്ങളിൽ നടത്തിയ പ്രചാരണവുമാണ് യുവാക്കളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടാക്കിയതെന്നാണു വിലയിരുത്തലെന്നു മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ സഞ്ജയ് കൗൾ പറഞ്ഞു. തെരഞ്ഞെടുപ്പു കമ്മിഷന്റെ സിസ്റ്റമാറ്റിക് വോട്ടേഴ്സ് എഡ്യൂക്കേഷൻ ആൻഡ് ഇലക്ടറൽ പാർട്ടിസിപ്പേഷൻ(സ്വീപ്പ്) പ്രവർത്തനങ്ങളുടെ ഭാഗമായി സോഷ്യൽ മീഡിയ മുഖേനയും കോളജുകൾ, സർവകലാശാലകൾ, പൊതുഇടങ്ങൾ എന്നിവിടങ്ങളിലും വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വോട്ടുവണ്ടി പ്രചാരണ വാഹനം സംസ്ഥാനത്തെ വിവിധ നിയോജക മണ്ഡലങ്ങളിൽ പ്രചാരണം നടത്തി. വോട്ടർ ബോധവത്കരണ പരിപാടികളുടെ ഭാഗമായി ചീഫ് ഇലക്ടറൽ ഓഫിസറുടേയും ജില്ലാ തെരഞ്ഞെടുപ്പ് ഓഫിസർമാരുടേയും നേതൃത്വത്തിൽ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് തുടങ്ങിയ സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകളിൽ അപ്‌ലോഡ് ചെയ്ത പോസ്റ്റുകൾക്കു വലിയ സ്വീകാര്യതയാണു ലഭിച്ചതെന്നും അദ്ദേഹം പറഞ്ഞു.




# പുതിയ കാമ്പെയ്നുമായി ബ്രാഹ്മിൻസ്

**കൊച്ചി:** കേരളത്തിലെ മുൻനിര കറി പൌഡർ ബ്രാൻഡായ ബ്രാഹ്മിൻസ് തങ്ങളുടെ സാമ്പാർ പൗഡറിനായി പുതിയ കാമ്പെയ്ൻ പുറത്തിറക്കി. വിപ്രോ കൺസ്യൂമർ കെയർ ആൻഡ് ലൈറ്റിംഗ്സിന്റെ ഫുഡ് പോർട്ട്ഫോളിയോയുടെ ഭാഗമായ ശേഷം ബ്രാഹ്മിൻസ് പുറത്തിറക്കുന്ന ആദ്യ കാമ്പെയ്നാണിത്. സാമ്പാർ മസാലകളിൽ ആളുകൾ ഏറ്റവുമധികം തിരഞ്ഞെടുക്കുന്ന ബ്രാൻഡായി മാറിയിട്ടുണ്ട് ബ്രാഹ്മിൻസ്.

ജോലി, ആഗ്രഹങ്ങൾ, ജീവിതം, പാചക മികവ് എന്നിവ സന്തുലിതമാക്കാനുള്ള ആധുനിക മില്ലേനിയൽ അമ്മമാരുടെ ആഗ്രഹം മനസ്സിലാക്കുന്ന ബ്രാഹ്മിൻസ്, അവർ ആഗ്രഹിക്കുന്ന രുചി നൽകി തയ്യാറാക്കുന്ന ഓരോ ഭക്ഷണവും മികച്ചതാണെന്ന് ഉറപ്പാക്കുന്നുവെന്ന് വിപ്രോ ഫുഡ് ബിസിനസ്സ് പ്രസിഡന്റ് അനിൽ ചുഗ് പറഞ്ഞു. ഒരു വീട്ടിലെ അടുക്കളയുടെ പശ്ചാത്തലത്തിൽ ആവിഷ്ക്കരിച്ചിരിച്ച്, കുടുംബത്തിലെ വൈകാരികവും ഹൃദ്യവുമായ നിമിഷങ്ങളിലൂടെ ബ്രാഹ്മിൻസ് എന്ന ബ്രാൻഡിനെ ഉപഭോക്താക്കളുടെ മനസ്സിനുള്ളിലേക്ക് എത്തിക്കുകയും നല്ല ഭക്ഷണത്തിന് വീട്ടിലെ മൂഡ് തൽക്ഷണം മാറ്റാൻ കഴിയും എന്ന് ദൃശ്യമാകുന്നതുമാണ് കാമ്പെയ്നെന്ന് മൈത്രി അഡ്വർടൈസിംഗ് എം ഡി രാജു മേനോൻ കൂട്ടിച്ചേർത്തു.

മൈത്രി അഡ്വർടൈസിംഗ് വർക്കാണ് ആശയം ആവിഷ്കരിച്ചിരിക്കുന്നത്. രാജീവ് മേനോൻ പ്രൊഡക്ഷൻസാണ് നിർമ്മാണം.

# ലോക്സഭാ തെരഞ്ഞെടുപ്പ്: വിവിധ സ്ക്വാഡുകൾ പ്രവർത്തനം ഊർജ്ജിതമാക്കി

**ബത്തേരി:** ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിൽ ഫ്ളെയിങ്സ്റ്റാറ്റിക് സർവെയലൻസ് ആന്റി ഡിഫെയ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കി. ഓരോ നിയമസഭാ മണ്ഡലത്തിലും നാലു വീതം ഫ്ളെയിങ് സ്ക്വാഡുകളാണ് പരിശോധന നടത്തുന്നത്.

കൽപ്പറ്റ മണ്ഡലത്തിൽ ആറും മാനന്തവാടി, സുൽത്താൻ ബത്തേരി മണ്ഡലങ്ങളിൽ മൂന്ന് വീതം സ്റ്റാറ്റിക് സർവെയലൻസ് ടീമുകൾ പ്രവർത്തിക്കുന്നുണ്ട്. മൂന്ന് മണ്ഡലങ്ങളിലും ഒന്ന് വീതം ആന്റി ഡിഫേസ്മെന്റ് സ്ക്വാഡ്, സ്റ്റാറ്റിക് സർവെയലൻസ്വീഡിയോ സർവെയലൻസ്വീഡിയോ വ്യൂയിങ് ടീമുകളാണ് പ്രവർത്തിക്കുന്നത്. സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി അസിസ്റ്റന്റ് എക്സ്പെൻഡിച്ചർ ഒബ്സർവർമാരെ നിയോഗിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് പ്രചാരണവുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റച്ചട്ട ലംഘനങ്ങൾ കണ്ടെത്തിയാൽ തുടർ നടപടി സ്വീകരിക്കുക, രാഷ്ട്രീയ പാർട്ടികളുടെ പ്രചാരണ ചെലവ് നിരീക്ഷണം, വോട്ടർമാർക്ക് പണം, മദ്യം, ലഹരി പദാർത്ഥങ്ങൾ, മറ്റു സാമ്പത്തിക ഇടപാടുകൾ നൽകി സ്വാധീനിക്കൽ എന്നിവ കണ്ടെത്തി തടയുകയാണ് സ്ക്വാഡുകളുടെ ചുമതല.

ജില്ലയിലെ മൂന്ന് മണ്ഡലങ്ങളിലായി 12 ഫ്ളെയിങ് സ്ക്വാഡുകളാണ് പ്രവർത്തിക്കുന്നത്. മൂന്ന് ഷിഫ്റ്റുകളിലായി ഓരോ മണ്ഡലത്തിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ടീമിൽ പൊലീസ് ഉദ്യോഗസ്ഥൻ, വീഡിയോഗ്രാഫർ, സായുധ പോലീസ് ഉദ്യോഗസ്ഥർ എന്നിവരാണുള്ളലത്.

മാതൃകാ പെരുമാറ്റചട്ട ലംഘനവുമായി ബന്ധപ്പെട്ട പരാതികൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുക, വോട്ടർമാരെ ഭീഷണിപ്പെടുത്തിയോ പണം നൽകിയോ ഉപഹാരങ്ങൾ, സൗജന്യ മദ്യം, ഭക്ഷണം എന്നിവ വാഗ്ദാനം ചെയ്ത് സ്വാധീനിക്കുന്നത് തടയുകയാണ് സ്ക്വാഡുകൾ. തെരഞ്ഞെടുപ്പ് സുതാര്യമാക്കുന്നതിന് രാഷ്ട്രീയ പാർട്ടികൾ/ സ്ഥാനാർത്ഥികൾ എന്നിവരുടെ പ്രചാരണ ചെലവുകളുമായി ബന്ധപ്പെട്ട പരാതികളും സ്ക്വാഡ് നിരീക്ഷിക്കും.

വീഡിയോ സർവെയ്‌ലൻസ് ടീമിന്റെ സഹായത്തോടെ രാഷ്ട്രീയ പാർട്ടികൾ നടത്തിയ റാലികൾ, പൊതു യോഗങ്ങൾ മറ്റ് പ്രധാന ചെലവുകളുടെ വീഡിയോയും സംഘം നിരീക്ഷിക്കും.



# ഹലോ മമ്മി ചിത്രീകരണം പൂർത്തിയായി

ഹാങ്ങ് ഓവർ ഫിലിംസും എ ആൻഡ് എച്ച് എസ് പ്രൊഡക്ഷനും ചേർന്ന് നിർമ്മിക്കുന്ന ഹലോ മമ്മിയുടെ ചിത്രീകരണം പൂർത്തിയായി. ഫാന്റസി കോമഡി ജോണറിലെത്തുന്ന ചിത്രത്തിൽ ഷറഫുദ്ദീൻ, ഐശ്വര്യ ലക്ഷ്മി എന്നിവരാണ് കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. വൈശാഖ് എലൻസ് സംവിധാനം ചെയ്യുന്ന ചിത്രം ഹലോ മമ്മി'യുടെ രചന നിർവഹിച്ചിരിക്കുന്നത് സാൻജോ ജോസഫ് ആണ്. ഹിന്ദി ചലച്ചിത്രങ്ങളിലൂടെയും ആസ്പിരന്റ്സ്, ദി ഫാമിലി മാൻ, ദി റെയിൽവേ മെൻ തുടങ്ങിയ വെബ് സീരീസുകളിലൂടെയും ശ്രദ്ധേയനായ നടൻ സണ്ണി ഹിന്ദുജ പ്രധാന വേഷത്തിൽ അഭിനയിക്കുന്ന ആദ്യ മലയാള ചിത്രം കൂടിയാണിത്.അജു വർഗീസ്, ജഗദീഷ്, ജോണി ആന്റണി, ബിന്ദു പണിക്കർ, അദ്രി ജോ, ശ്രുതി സുരേഷ്, ഗംഗാ മീരാ, ജോമോൻ ജ്യോതിർ എന്നിവർ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ഹാങ്ങ് ഓവർ ഫിലിംസിന്റെ നിർമ്മാണത്തിലൊരുങ്ങുന്ന ചിത്രത്തിൽ നീലവെളിച്ചം, അഞ്ചക്കള്ളകോക്കാൻ എന്നീ ചിത്രങ്ങളുടെ നിർമ്മാണ പങ്കാളിത്തത്തിനു ശേഷം എ ആൻഡ് എച്ച്എസ് പ്രൊഡക്ഷൻസ് നിർമ്മാണത്തിൽ സഹകരിക്കുന്ന മൂന്നാമത്തെ ചിത്രമാണ് ഹലോ മമ്മി. ജോമിൻ മാത്യു, ഐബിൻ തോമസ്, രാഹുൽ ഇ. എസ് എന്നിവരാണ് ചിത്രത്തിന്റെ നിർമാതാക്കൾ. സജിൻ അലി, നിസാർ ബാബു, ദിപൻ പട്ടേൽ എന്നിവരാണ് ചിത്രത്തിന്റെ സഹനിർമ്മാതാക്കൾ.

സന്തോഷ് ശിവന്റെ അസ്സോസിയേറ്റ് ആയിരുന്ന പ്രവീൺ കുമാറാണ് ഹലോ മമ്മിയുടെ ഛായാഗ്രഹണം നിർവഹിക്കുന്നത്. 2018, ആർ ഡി എക്സ് തുടങ്ങിയ ഹിറ്റ് ചിത്രങ്ങളുടെ ചിത്രസംയോജനം നിർവഹിച്ച ചമൻ ചാക്കോയാണ് ചിത്രത്തിന്റെ എഡിറ്റർ. മലയാള സിനിമാ സംഗീത ലോകത്ത് സൂപ്പർ ഹിറ്റ് ഗാനങ്ങൾ സമ്മാനിച്ച ജേക്ക്സ് ബിജോയിയാണ് ഹലോ മമ്മിയുടെ സംഗീത സംവിധാനം നിർവഹിക്കുന്നത്.

പ്രൊഡക്ഷൻ കൺട്രോളർ : പ്രശാന്ത് നാരായണൻ, ഗാനരചന : മുഹ്സിൻ പരാരി, വസ്ത്രാലങ്കാരം : സമീറാ സനീഷ്, മേക്കപ്പ് : റോണക്സ് സേവ്യർ, പ്രൊഡക്ഷൻ ഡിസൈൻ : സാബു മോഹൻ, സൗണ്ട് ഡിസൈൻ : സിങ്ക് സിനിമ, ചീഫ് അസ്സോസിയേറ്റ് : വിശാഖ് ആർ വാരിയർ, വി എഫ് എക്സ് : ഹാങ്ങ് ഓവർ വി എഫ് എക്സ്, ഫൈറ്റ് : പി സി സ്റ്റണ്ട്സ്, കൊറിയോഗ്രാഫി : ഷെരീഫ്, സ്റ്റിൽ : അമൽ സി സദർ, ഡിസൈൻ : യെല്ലോ ടൂത്ത്, പി. ആർ.ഒ : പ്രതീഷ് ശേഖർ.




# ജയ് ഗണേഷ് വീഡിയോ ഗാനം

ഉണ്ണി മുകുന്ദൻ,മഹിമാ നമ്പ്യാർ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി രഞ്ജിത്ത് ശങ്കർ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ജയ് ഗണേഷ് എന്നചിത്രത്തിലെ വീഡിയോ ഗാനം റിലീസായി.മനു മഞ്ജിത്ത് എഴുതിയ വരികൾക്ക് ശങ്കർ സംഗീതം പകർന്ന് കപിൽ കപിലൻ ആലപിച്ച ആരംഭമായി......എന്നാരംഭിക്കുന്ന ഗാനമാണ് റിലീസായത്.ഏപ്രിൽ പതിനൊന്നിന്പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ ജോമോൾ ഒരിടവേളക്ക് ശേഷം അഭിനയിക്കുന്നു.ഹരീഷ് പേരടി, അശോകൻ,രവീന്ദ്ര വിജയ്,നന്ദു തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.ഡ്രീംസ് എൻ ബിയോണ്ട്, ഉണ്ണിമുകുന്ദൻ ഫിലിംസ് എന്നീ ബാനറിൽ രഞ്ജിത്ത് ശങ്കർ, ഉണ്ണിമുകുന്ദൻ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ചന്ദ്രു ശെൽവരാജ് നിർവ്വഹിക്കുന്നു.ബി കെ ഹരിനാരായണൻ,മനു മഞ്ജിത്ത്,വാണി മോഹൻ, രഞ്ജിത്ത് ശങ്കർ എന്നിവർ എഴുതിയ വരികൾക്ക്

ശങ്കർ ശർമ്മ സംഗീതം പകരുന്നു.എഡിറ്റർസംഗീത് പ്രതാപ്.സൗണ്ട് ഡിസൈൻതപസ് നായ്ക്, പ്രൊഡക്ഷൻ കൺട്രോളർസജീവ് ചന്തിരൂർ,പ്രൊഡക്ഷൻ ഡിസൈനർസൂരജ് കുറവിലങ്ങാട്, മേക്കപ്പ്റോണക്സ് സേവ്യർ,കോസ്റ്റ്യൂംസ്വിപിൻ ദാസ്,സ്റ്റിൽസ്നവീൻ മുരളി,ഡിസൈൻസ്ആന്റണി സ്റ്റീഫൻ,അസോസിയേറ്റ് ഡയറക്ടർഅനൂപ് മോഹൻ എസ്,ഡിഐലിജു പ്രഭാകർ,വിഎഫ്എക്സ്ഡിടിഎം,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് സഫി ആയൂർ, പ്രൊമോഷൻ കൺസൽട്ടന്റ് വിപിൻ കുമാർ,ടെൻ ജി മീഡിയ,പി ആർ ഒ എ എസ് ദിനേശ്.

# ബദൽ ഏപ്രിൽ 5ന്




ഗായത്രി സുരേഷ്,ശ്വേതാ മേനോൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അജയൻ രചനയും സംവിധാനവും നിർവഹിക്കുന്ന പൊളിറ്റിക്കൽ ത്രില്ലർ ചിത്രമായ 'ബദൽ'(ദി മാനിഫെസ്റ്റോ) ഏപ്രിൽ അഞ്ചിന് പ്രദർശനത്തിനെത്തുന്നു.ജോയ് മാത്യു,സലിം കുമാർ,സംവിധായകൻ പ്രിയനന്ദനൻ,സന്തോഷ് കീഴാറ്റൂർ,സിദ്ധാർത്ഥ് മേനോൻ,അനീഷ് ജി മേനോൻ,അനൂപ് അരവിന്ദ്,ഐ എം വിജയൻ തുടങ്ങിയ പ്രമുഖരാണ് മറ്റു താരങ്ങൾ.

ഏകദേശം മൂവായിരത്തിലതികം ഗോത്ര മേഖലകളിലെ മനുഷ്യർ പങ്കാളികളാകുന്ന ഈ ചിത്രത്തിൽ പുതുമുഖം നീതു തോമസ് ശ്രദ്ധേയമായ കഥാപാത്രത്തെ അവതരിപ്പിക്കുന്നു. ആൾട്ടർനേറ്റ് സിനിമാസിന്റെ ബാനറിൽ ജോസഫ് വർഗ്ഗീസ് ഇലഞ്ഞിക്കൽ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായഗ്രഹണം റെജി പ്രസാദ് നിർവ്വഹിക്കുന്നു.വനമേഖലകളിൽ വളർന്ന് വന്ന സായുധ പോരാളികളെക്കുറിച്ചുള്ള അന്വേഷണത്തോടൊപ്പം

അധികാര വ്യവസ്ഥയുടെ അടിച്ചമർത്തലുകൾക്കെതിരെ, ചൂഷണങ്ങൾക്കെതിരെ ശക്തമായ ഒരു താക്കീതുമാകുന്ന ഈ ചിത്രത്തിൽ മനുഷ്യനും പ്രകൃതിയും തമിലുള്ള ആത്മബന്ധവും ദൃശ്യവൽക്കരിക്കുന്നു.റഫീഖ് അഹമ്മദ്, ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ, ഡോക്ടർ മധു വാസുദേവ് എന്നിവർ എഴുതിയ വരികൾക്ക് ബിജി ബാൽ സംഗീതം പകരുന്നു.ഗോത്ര ഗാനങ്ങൾമുരുകേശൻ പാടവയൽ.എക്സിക്യൂട്ടിവ്പ്രൊഡ്യൂസേഴ്സ് കെ ടി കൃഷ്ണകുമാർ,പി ആർ സുരേഷ്,എഡിറ്റർഡോൺ മാക്സ്,എം ആർ വിപിൻ,പ്രൊഡക്ഷൻ കൺട്രോളർജോസ് വരാപ്പുഴ,കലാ സംവിധാനംഅജയൻ ചാലിശ്ശേരി,മേക്കപ്പ്റോണി വൈറ്റ് ഫെദർ,വസ്ത്രാലകാരംകുമാർ എടപ്പാൾ,പ്രൊഡക്ഷൻ ഡിസൈൻഷജിത്ത് തിക്കോടി,ഹരി കണ്ണൂർ,ആക്ഷൻമാഫിയ ശശി, ജാക്കി ജോൺസൺ,സൗണ്ട് ഡിസൈൻ ജോമി ജോസഫ്, രാജേഷ് എം പി,സൗണ്ട് മിക്സിംങ്ങ് സനൽ മാത്യു,വിഎഫ്എക്സ്കാളി രാജ് ചെന്നൈ,സ്റ്റിൽസ്സമ്പത്ത് നാരയണൻ,ഡിസൈൻകോളിൻസ് ലിയോഫിൽ,സ്റ്റുഡിയോസൗത്ത് സ്റ്റുഡിയോ കൊച്ചി,പി ആർ ഒഎ എസ് ദിനേശ്.

# അരിസ്റ്റോ സുരേഷ് നായകൻ; ചിത്രം ഒരുങ്ങുന്നു

അരിസ്റ്റോ സുരേഷ് കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്ന പുതിയ ചിത്രം അണിയറയിൽ ഒരുങ്ങുന്നു. വയലുങ്കൽ ഫിലിംസിൻറെ ബാനറിൽ യുട്യൂബറും നിർമ്മാതാവും സംവിധായകനുമായ ജോബി വയലുങ്കൽ ഒരുക്കുന്ന ചിത്രത്തിലാണ് അരിസ്റ്റോ സുരേഷ് നായക വേഷത്തിലെത്തുന്നത്. ചിത്രത്തിൻറെ ടൈറ്റിൽ ഉടൻ പ്രഖ്യാപിക്കുമെന്ന് സംവിധായകൻ ജോബി വയലുങ്കൽ അറിയിച്ചു. കഥയും നിർമ്മാണവും ഒരുക്കിയിട്ടുള്ളത് ജോബി വയലുങ്കലാണ്. കൊല്ലം തുളസി, ബോബൻ ആലുംമൂടൻ, വിഷ്ണുപ്രസാദ്, യവനിക ഗോപാലകൃഷ്ണൻ,സജി വെഞ്ഞാറമൂട് ഷാജി മാവേലിക്കര, വിനോദ്, ഹരിശ്രീ മാർട്ടിൻ, സുമേഷ്, കൊല്ലം ഭാസി, പ്രപഞ്ചിക തുടങ്ങി നൂറിലേറെ അഭിനേതാക്കൾ ചിത്രത്തിൽ അണിനിരക്കുന്നുണ്ട്. ബാനർ വയലുങ്കൽ ഫിലിംസ്, സംവിധാനം, നിർമ്മാണം,കഥ ജോബി വയലുങ്കൽ. തിരക്കഥ സംഭാഷണം ജോബി വയലുങ്കൽ, ധരൻ, ക്യാമറഎ കെ ശ്രീകുമാർ, എഡിറ്റർബിനോയ് ടി വർഗ്ഗീസ്, കല ഗാഗുൽ ഗോപാൽ, ഗാനരചന, ജോബി വയലുങ്കൽ, സ്മിത സ്റ്റാലിൻ, മ്യൂസിക്ജെസീർ,അസിം സലിം,വി വി രാജേഷ്,മേക്കപ്പ്അനീഷ് പാലോട്,ബി ജി എം.ബിജി റുഡോൾഫ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് രാജേഷ് നെയ്യാറ്റിൻകര, അസോസിയേറ്റ് ഡയറക്ടർമധു പി നായർ, പി ആർ ഒ പി ആർ സുമേരൻ, കോസ്റ്റ്യൂംബിന്ദു അഭിലാഷ്, കൊറിയോഗ്രാഫർമനോജ് കലാഭവൻ,ഡ്രോൺ അബിൻ അജയ്, ഗായകർ അരവിന്ദ് വേണുഗോപാൽ, വൈക്കം വിജയലക്ഷ്മി, സന്നിധാനം, പല്ലവി എന്നിവരാണ് അണിയറപ്രവർത്തകർ

# ടാറ്റാ സോൾട്ടിൻെറ പുതിയ കാമ്പയിൻ




**കൊച്ചി:** ഇന്ത്യയിലെ ബ്രാൻഡഡ് അയോഡൈസ്ഡ് ഉപ്പ് മേഖലയിലെ മുൻനിരക്കാരായ ടാറ്റാ സോൾട്ട് അതിൻെറ 'നമക് ഹോ ടാറ്റാ കാ, ടാറ്റാ നമക്' എന്ന ജനപ്രിയ ജിംഗിളിന് പുതു ജീവൻ നല്കുന്ന പുതിയ കാമ്പയിൻ ആരംഭിച്ചു. 'ദേശ് കാ നമക്' എന്ന രീതിയിലുള്ള ബ്രാൻഡിൻെറ സർവവ്യാപനമാണ് ഈ മൾട്ടി അസറ്റ് കാമ്പയിൻ ആഘോഷിക്കുന്നത്. ജിംഗിളിൻെറ കാലാതീതമായ സിഗ്നേച്ചർ ട്യൂൺ നിലനിർത്തുന്നതിനൊപ്പം തന്നെ പുതിയ ഒരു കാഴ്ചപ്പാടും കാമ്പയിനിൽ നല്കുന്നുണ്ട്.

'നമക് ഹോ ടാറ്റാ കാ, ടാറ്റാ നമക്' ജിംഗിളിൻെറ പുതിയ പതിപ്പ് ആശ്ചര്യത്തിൻെറയും ആനന്ദത്തിൻെറയും ഒരു ഘടകം വാഗ്ദാനം ചെയ്യുന്നുണ്ട്. ഇന്ത്യയിലുടനീളമുള്ള കുടുംബങ്ങളിലെ അതിൻെറ സാന്നിധ്യത്തെക്കുറിച്ച് ഒരു നവോന്മേഷകരമായ വീക്ഷണവും ഇത് അവതരിപ്പിക്കുന്നു. ഉപഭോക്താവിൻെറ ദൈനംദിന ജീവിതത്തിലെ വിവിധ നിമിഷങ്ങളിൽ ഈ ജിംഗിളിൻെറ സാന്നിധ്യം വെളിവാക്കുന്ന 11 രസകരമായ ചെറു ഫിലിമുകൾ ഉൾപ്പെടുന്നതാണ് ഒഗിൽവി ആശയവിഭാവനം ചെയ്ത ഈ കാമ്പയിൻ.

രാജ്യത്തെ ഏറ്റവും പ്രിയപ്പെട്ട ബ്രാൻഡുകളിലൊന്നായ ടാറ്റാ സോൾട്ട് ഉപഭോക്താക്കളുമായി ആഴത്തിലുള്ള ബന്ധം കെട്ടിപ്പെടുക്കാനും അവരുടെ മൂല്യങ്ങളും അഭിലാഷങ്ങളും പ്രതിഫലിപ്പിക്കുന്ന ഒരു ബ്രാൻഡ് എന്ന നിലയിൽ സ്വയം സ്ഥാപിക്കാനുമാണ് ലക്ഷ്യമിടുന്നത്.

'ഇന്ത്യയിലെ ഏറ്റവും വിശ്വസനീയവും ഉത്തരവാദിത്വവുമുള്ള ബ്രാൻഡുകളിലൊന്നാണ് ടാറ്റാ സോൾട്ട് എന്നും 'ദേശ് കാ നമക്' എന്ന രീതിയിൽ ഇതിൻെറ പാരമ്പര്യം ഉടലെടുത്തിട്ട് നാല്പതു വർഷത്തിലേറെയായെന്നും ടാറ്റാ കൺസ്യൂമർ പ്രൊഡക്ട്സ്, പാക്കേജ്ഡ് ഫുഡ്സ് ഇന്ത്യ പ്രസിഡൻറ് ദീപിക ഭാൻ പറഞ്ഞു. 1980കളിൽ പിറവിയെടുത്ത അതിൻെറ ഐക്കണിക് ജിംഗിൾ ഉൾപ്പെടുത്തിയുള്ള പുതിയ കാമ്പയിൻ, ബ്രാൻഡിൻെറ ശാശ്വതമായ ആകർഷണത്തിൻെറയും കാലത്തിനനുസരിച്ച് മാറാനുമുള്ള അതിൻെറ കഴിവിൻെറയും സൂചകങ്ങളാണ്. ഈ കാമ്പയിനിലൂടെ ഉപയോക്താക്കളുമായുള്ള ബന്ധം കൂടുതൽ ആഴത്തിലാക്കാനും അവരുടെ ജീവിതത്തിൻെറ ഭാഗമാകാനുള്ള പ്രതിബദ്ധത ദൃഢപ്പെടുത്താനുമാണ് ശ്രമിക്കുന്നതെന്നും ദീപിക ഭാൻ വ്യക്തമാക്കി.



# ഫിസാറ്റ് വിദ്യാർത്ഥികൾക്ക് ഉന്നത വിജയം

**തിരുവനന്തപുരം:** ടെക്നോപാർക്കിൽ നടന്ന ഓൾ കേരള പേപ്പർ പ്രസന്റേഷനിൽ ഫിസാറ്റ് വിദ്യാർത്ഥികൾക്ക് ഉന്നത വിജയം. കേരളത്തിലെ നൂറ്റിയമ്പതു കോളേജുകളിലെ വിദ്യാർത്ഥികൾ മാറ്റുരച്ച മത്സരത്തിൽ നിന്നാണ് ഇവർക്ക് ഇ വിജയം നേടാനായത്. സാങ്കേതിക വിദ്യയുടെ ബലത്തിൽ രൂപീകരിക്കാവുന്ന സാദ്ധ്യതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിഷയാവതരണത്തിൽ ഫിസാറ്റിലെ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികളായ സോണൽ, ജ്യോതി എന്നിവർക്ക് പതിനായിരം രൂപയുടെയും പോൾവിനിന്നു ഏഴായിരത്തിയഞ്ഞൂറു രൂപയുടെയും ക്യാഷ് അവാർഡുകളും ട്രോഫിയും ലഭിച്ചു.ഫിസാറ്റിലെ അധ്യാപകരും വിദ്യാർത്ഥികളും ഇവരുടെ നേട്ടത്തെ അഭിനന്ദിച്ചു

# ജർമനിയിലെ നൊബേൽ ലോറേറ്റ് മീറ്റിങ്ങിൽ കുസാറ്റ് വിദ്യാർത്ഥിനി പങ്കെടുക്കും



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഫിസിക്സ് വകുപ്പിലെ ഗവേഷണ വിദ്യാർഥിനിയായ നവ്യ സാറാ കുര്യൻ, ജൂൺ 30 മുതൽ ജൂലൈ 5 വരെ ജർമനിയിലെ ലിൻഡോയിൽ നടക്കുന്ന 73 മത് ലിൻഡോ നൊബേൽ ലോറേറ്റ് മീറ്റിങ്ങിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

നാല്പതോളം നൊബേൽ സമ്മാന ജേതാക്കളും ലോകമെമ്പാടുമുള്ള തിരഞ്ഞെടുക്കപ്പെട്ട അറുനൂറ്റമ്പതോളം യുവ ഗവേഷകരും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും പങ്കെടുക്കുന്ന ഈ മീറ്റിങ്ങിൽ ക്വാണ്ടം ഫിസിക്സ് ആൻഡ് ക്വാണ്ടം ടെക്നോളജി , നിർമിത ബുദ്ധി, ഊർജ പ്രതിസന്ധിക്കുള്ള പരിഹാരങ്ങൾ എന്നിവയാണു ഈ വർഷത്തെ മുഖ്യ വിഷയങ്ങൾ. യുവഗവേഷകർക്കു നൊബേൽ ജേതാക്കളുമായി സംവദിക്കാൻ അവസരമുണ്ടാകും . ഇന്ത്യയിലെ ഡിപ്പാർട്മെൻറ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി നാമനിർദേശം ചെയ്യുന്ന വിദ്യാർഥികളിൽ നിന്നും അക്കാഡമിക് മികവിൻെറ അടിസ്ഥാനത്തിൽ കൗൺസിൽ ഫോർ ലിൻഡൗ നോബൽ ലോറേറ്റ് മീറ്റിങ് സൂക്ഷ്മ പരിശോധന നടത്തി തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളാണ് ഇന്ത്യയിൽ നിന്ന് ഇതിൽ പങ്കെടുക്കുന്നത്.

ഇവരുടെ സാമ്പത്തിക ചെലവുകൾ ഗവൺമെൻറ് ഓഫ് ഇന്ത്യയുടെ ഡിപ്പാർട്മെൻറ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി വഹിക്കും. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഫിസിക്സ് വകുപ്പിലെ മെറ്റീരിയൽസ് ആൻഡ് മെറ്റലർജി ലബോറട്ടറിയിൽ, ഡോ. സബീനയുടെ നേതൃത്വത്തിൽ യൂറോപിയം ഡോപ് ചെയ്ത സിലിക്കേറ്റ് മെറ്റീരിയലുകളിലെ ലുമിനസൻസ് എന്ന വിഷയത്തിൽ ഗവേഷണം നടത്തുകയാണ് നവ്യ.

# ഐപിഎല്ലിനോടനുബന്ധിച്ച് ഇളവുകളും അധിക ഡാറ്റയു മായി വി

**കൊച്ചി:** ഐപിഎൽ സീസണോടനുബന്ധിച്ച് മുൻനിര ടെലകോം സേവനദാതാവായ വി പ്രത്യേകഇളവുകളും അധിക ഡാറ്റയും പ്രഖ്യാപിച്ചു. വി ആപ്പിലൂടെയായിരിക്കും ഈ ആനുകൂല്യങ്ങൾ.1449 രൂപയുടെ പായ്ക്കിൽ 50 രൂപയുടെ ഇളവു ലഭിക്കും. 3199 രൂപയുടെ പായ്ക്കിൽ നൂറു രൂപയുടെ ഇളവാകും ലഭിക്കുക. 699 രൂപയുടെ പായ്ക്കിൽ 50 രൂപയുടെ ഇളവു ലഭിക്കും. ഇതിനു പുറമെ 181 രൂപയുടെ പായ്ക്കിൽ 50 ശതമാനവും 75 രൂപയുടെ പായ്ക്കിൽ 25 ശതമാനവുംഅധിക ഡാറ്റ നൽകും. ഈ ആനുകൂല്യങ്ങൾക്കൊപ്പം ആകർഷകമായ അധിക പായ്ക്കുകളും അവത രിപ്പിക്കുന്നുണ്ട്. 298 രൂപയുടെ പായ്ക്കിൽ 28 ദിവസത്തേക്ക് 50 ജിബി ഡാറ്റയും 418 രൂപയുടെപായ്ക്കിൽ 56 ദിവസത്തേക്ക് 100 ജിബിയും ഡാറ്റ ല ഭിക്കും.

